LIBRARY ARCHIVES Kerala Legislative Assembly

ഇംഗ്ലീഷ് അദ്ധ്യാപകരുടെ അടിസ്ഥാന യോഗ്യത

58 [3041] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഹൈസ്കൂളിൽ ഇംഗ്ളീഷ് പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടി ഇംഗ്ലീഷ് അദ്ധ്യാപകർക്കുള്ള അടിസ്ഥാന യോഗ്യത ഇംഗ്ലീഷിലുള്ള ബിരുദവും ബി. എഡ്.-ഉം ആയി നിശ്ചയിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് പഠനനിലവാരം ഉയർത്തുവാനായി 7-1-2002-ലെ സ. ഉ. (എംഎസ്.) 11/2002/പൊ.വി.വ. പ്രകാരം ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത ഇംഗ്ലീഷ് ഭാഷയിലുള്ള ബിരുദവും പ്രസ്തുത വിഷയത്തിലുള്ള ബി.എഡ്.-ഉം ആയിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ചേരുമംഗലൂർ ഗവൺമെന്റ് യു. പി. സ്കൂളിന് സ്വന്തം കെട്ടിടം

59 [3042] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഗവൺമെന്റ് സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരം സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിലെ മുക്കം പഞ്ചായത്തിൽ ചേരുമംഗലൂർ മാപ്പിള ഗവൺമെന്റ് യു. പി. സ്കൂൾ വാടക കെട്ടിടത്തിലാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ആരുടെ കെട്ടിടത്തിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(എഫ്) പ്രസ്തുത കെട്ടിടത്തിന് പ്രതിമാസം നൽകുന്ന വാടക എത്രയാണ്;

(ജി) വാടകയിനത്തിൽ കെട്ടിട ഉടമയ്ക്ക് നൽകാൻ കുടിശ്ശിക എന്തെങ്കിലുമുണ്ടോ;

(എച്ച്) എങ്കിൽ എന്തു കാരണം കൊണ്ടാണ് ഇത് നൽകാതിരിക്കുന്നത്;

(ഐ) എന്നത്തേക്ക് കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ജെ) ഈ സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(കെ) ഉണ്ടെങ്കിൽ എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 400 സ്കൂളുകൾ എന്നതാണ് ലഭ്യമായ കണക്ക്.

(ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേനയും പി. ടി. എ. മുഖേനയും ശ്രമം നടത്തിവരുന്നുണ്ട്. എസ്. എസ്. എ. ഫണ്ട് കെട്ടിട നിർമ്മാണത്തിന് വിനിയോഗിക്കുന്ന കാര്യവും പരിഗണിക്കും.

(സി) ഘട്ടം ഘട്ടമായി മാത്രമേ ഇത് നടപ്പിലാക്കാൻ സാധിക്കുകയുള്ളു.

(ഡി) ഉണ്ട്.

(ഇ) കെ. ടി. അബ്ദുൾകരീം എന്നയാളുടെ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

(എഫ്) സ്കൂൾ രണ്ടു കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നു. ഒന്നിന്റെ വാടക 709 രൂപയും രണ്ടാമത്തേതിന്റെ വാടക 5388 രൂപയുമാണ്.

(ജി) ഉണ്ട്. 1-4-2003 മുതൽ വാടക കുടിശ്ശിക ഇനത്തിൽ 1,41,231 രൂപ കൊടുത്തുതീർക്കാനുണ്ട്.

(എച്ച്) മതിയായ ഫണ്ടിന്റെ അഭാവമാണ് കാരണം.

(ഐ) 2004-05 മുതൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയാണ് വാടക നൽകുന്നത്. വാടക കുടിശ്ശിക നടപ്പുവർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽനിന്നും അടച്ചു തീർക്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോട് അടിയന്തിരമായി ആവശ്യപ്പെടുവാൻ പൊതുവിദ്യാഭ്യാസവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്.

(ജെ) കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കെട്ടിടം പണി നടന്നുവരുന്നു.

(കെ) കെട്ടിടം പണി പൂർത്തിയായാലുടൻ നടപ്പിലാക്കുന്നതാണ്.

പ്ലസ്ടു വിദ്യാർത്ഥികൾക്ക് പാഠപുസ്തകം

60 [3043] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly